## പ്രവർത്തനങ്ങൾ

1. ഏദൻതോട്ടത്തിലെയും ഗത്സമനതോട്ടത്തിലെയും അനുഭവങ്ങൾ താരതമ്യം ചെയ്യുക.
2. നമ്മുടെ പ്രാർത്ഥനകളിൽ ദൈവേഷ്ടത്തിനാണോ അതോ സ്വന്തഇഷ്ടത്തിനാണോ പ്രാധാന്യം? ചർച്ച ചെയ്യുക.
3. പ്രാർത്ഥനയിലൂടെ പ്രതിസന്ധികളെ അതിജീവിച്ച ഒരു അനുഭവം സ്വന്തം ജീവിതത്തിലൂടെ ടീച്ചർ പറയട്ടെ - നിങ്ങളുടെ ജീവിതത്തിലെയും ഓരോ അനുഭവം പങ്കുവയ്ക്കുക.
4. ഗത്സമനയിൽ കർത്താവ് ഹൃദയം തകർന്ന് പ്രാർത്ഥിക്കുമ്പോഴും ശിഷ്യന്മാർ ഉറങ്ങിപ്പോയി. പ്രാർത്ഥിക്കേണ്ട സമയത്ത് ഉറങ്ങുന്നത് ശരിയാണോ? അപ്പോൾ പൂർണ്ണ ജാഗ്രതയോടിരിക്കുവാൻ ശീലിക്കുക.
5. മരണതുല്യമായ വേദന അനുഭവിക്കുന്ന കർത്താവിനെ ധ്യാനിക്കാം.

### തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | വി. മർക്കൊ. 14:32-42 |
| തിങ്കൾ | വി. ലൂക്കോ. 22:39-46 | വി. യോഹ. 18:1-9 |
| ചൊവ്വ | സങ്കീ. 1:1-11 | വി. മർക്കൊ. 10:35-45 |
| ബുധൻ | വി. യോഹ. 12:27-36 | സങ്കീ. 31:1-14 |
| വ്യാഴം | എബ്രാ. 5:1-10 | സങ്കീ. 31:15-24 |
| വെള്ളി | വി. യോഹ. 5:30-36 | സങ്കീ. 43:1-5 |
| ശനി | 2 കൊരി 12:1-10 | യെശ. 51:9-17 |
| ഞായർ | സങ്കീ. 20:1-9 | * |

സങ്കീർത്തനങ്ങളും പ്രാർത്ഥനകളും ഉരുവിടുമായിരുന്നു. ലോകത്തിന്റെ ദുഃഖങ്ങളിൽനിന്നും ആകുലചിന്തകളിൽനിന്നും സ്വയം വിട്ടകന്നിട്ട് പ്രാർത്ഥനയിലും ധ്യാനത്തിലും ജീവിതം നയിച്ചു. അന്തോനിയോസിന്റെ തീവ്രമായ സന്യാസജീവിതം അനേകരെ ആകർഷിച്ചു. അനേകർ അന്തോനിയോസിനെ അനുഗമിച്ചു. അന്തോനിയോസ് ഏകാന്തജീവിതത്തെ അല്പസമയത്തേയ്ക്കു മാറ്റിവച്ചിട്ട് നഗരത്തിൽ രണ്ടു പ്രാവശ്യം വന്നു. ഒരിക്കൽ അദ്ദേഹം വന്നത് രക്തസാക്ഷികളെ ധൈര്യപ്പെടുത്തുന്നതിനും അവർക്കുവേണ്ടി നിയമകോടതികളിൽ നിൽക്കുന്നതിനും വേണ്ടിയായിരുന്നു. മറ്റൊരവസരത്തിൽ വന്നത് 90 വയസ്സിനു മേൽ പ്രായമുള്ളവനായിട്ടായിരുന്നു. അന്ന് അദ്ദേഹം നിഖ്യാവിശ്വാസപ്രമാണത്തെ അറിയോന്ന്യ വേദവിപരീതത്തിനെതിരായി വി. അത്തോനാസിയോസിനോടു ചേർന്ന് പടപൊരുതി. തന്റെ ജീവിതാവസാനത്തിങ്കൽ വി. അന്തോനിയോസ് ലോകവ്യാപകമായി പ്രശസ്തി നേടി. മരുഭൂമിയിൽ അദ്ദേഹത്തിന്റെ ഏകാന്തജീവിതത്തെ പിന്തുടർന്നവരുടെ സംഖ്യ അനുദിനം വർദ്ധിച്ചു. സന്യാസിമാരുടെ പിതാവായി വി. അന്തോനിയോസ് അറിയപ്പെടുന്നു.

## നമുക്കു ചിന്തിക്കാം

1. വി. അന്തോനിയോസിന്റെ ജന്മസ്ഥലം ഏത്?
2. അദ്ദേഹം ജനിച്ച വർഷം ഏത്?
3. അദ്ദേഹത്തിന്റെ മാതാപിതാക്കൾ മരിച്ചത് എപ്പോൾ?
4. സന്യാസ ജീവിതത്തിലേക്ക് അദ്ദേഹത്തെ ആകർഷിച്ച വി. വേദവാക്യം ഏത്?
5. തുടർന്ന് അദ്ദേഹം ചെയ്തത് എന്ത്?
6. ഏകാന്തവാസത്തിനായി തെരഞ്ഞെടുത്ത സ്ഥലം ഏത്?
7. എത്രവർഷം ഏകാന്തവാസമനുഷ്ഠിച്ചു.
8. നഗരത്തിൽ എത്ര പ്രാവശ്യം വന്നു?
9. അദ്ദേഹം അറിയപ്പെടുന്നത് എങ്ങനെ?

## നമുക്ക് പാടാം

ഉന്നതകുലജാതാ - ആത്മോന്നതികരുതി-
ട്ടൈഹികസമ്പാദ്യം - സകലം വിട്ടതിഭീതികരം
മിസ്രേം കാനനമാർന്നവനേ
ദയറാജീവിതവഴികാട്ടി - സിദ്ധൻ മാർഅന്തോനിയോസ്
ഓർക്കണമേ ഞങ്ങളെയെന്നാളും.

